## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.688** **29.10.2019-ൽ മറുപടിക്ക്**

## നെയ്യാറ്റിൻകര ഊട്ടുപോക്കിരിയിൽ സബ് സ്റ്റേഷൻ

| ചോദ്യം<br>ശ്രീ. കെ. ആൻസലൻ | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കളത്തൂർ ഊട്ടുപോക്കിരിയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br><br>(ബി) സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന ചുമതല ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; ഡി.പി.ആർ. 2020 മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ;<br><br>(സി) 2016-17 വർഷത്തിൽ നൽകിയ നിവേദനത്തിന്മേൽ സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ? | (എ)<br>(ബി) &<br>(സി) പൂവാർ, കളത്തൂർ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യകതയുടെ അടിസ്ഥാനത്തിൽ പൂവാർ 33 കെ.വി സബ് സ്റ്റേഷൻ സ്ഥാപിതശേഷി 110 കെ.വി ആയി ഉയർത്തുന്നതിനുള്ള പദ്ധതി കെ. എസ്. ഇ. ബി - യുടെ ട്രാൻസ്ഗ്രിഡ് ഡൗൺസ്ട്രീം - 2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി നിർദ്ദിഷ്ട വിഴിഞ്ഞം 220 കെ.വി സബ് സ്റ്റേഷനിൽ നിന്നും പൂവാർ സബ് സ്റ്റേഷനിലേയ്ക്ക് 110 കെ.വിയുടെ പുതിയ ലൈൻ വലിയ്ക്കുന്നതാണ്. കൂടാതെ പാറശ്ശാല 110 കെ.വി സബ് സ്റ്റേഷനിൽ നിന്നും പൂവാർ സബ് സ്റ്റേഷനിലേയ്ക്കുള്ള നിലവിലെ 33 കെ.വി ലൈൻ, 110 കെ.വി.ലൈൻ ആയി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. കളത്തൂർ ഊട്ടു പോക്കിരിയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സാങ്കേതീക പഠനം നടത്തിയതിൽ നിന്നും മേൽപ്പറഞ്ഞ പദ്ധതി നടപ്പിലാക്കുമ്പോൾ ഊട്ടുപോക്കിരിയിൽ പുതിയ 33 കെ.വി സബ് സ്റ്റേഷന്റെ ആവശ്യകത ഉണ്ടാകില്ല എന്നാണ് കാണുന്നത്. |

സെക്ഷൻ ഓഫീസർ